സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി

സെൻട്രൽ കൗൺസിൽ തിരുവനന്തപുരം അതിരൂപത

പൊതുയോഗ
റിപ്പോർട്ട്

സൊസൈറ്റി ഓഫ് സെൻറ് വിൻസെൻറ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ ജനറൽ ബോഡി യോഗം 2024 ജൂൺ മാസം 2-) തീയതി ഉച്ചയ്ക്ക് ശേഷം 3:15 മണിക്ക് ആഴാകുളം ഓസാനം കാരുണ്യ ഭവനിൽ വച്ച് ചേരുകയുണ്ടായി. പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡൻറിൻറെ അഭാവത്തിൽ സീനിയർ വൈസ് പ്രസിഡൻറ് , ബ്ര. സക്കറിയാസ് അധ്യക്ഷത വഹിച്ചു. ജ്ഞാന വായനയ്ക്കായി വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുമുള്ള തിരുവചനം ബ്ര. ജോർജ് പെരേര വായിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ബ്ര.-------സ്വാഗതം ചെയ്തു.
തുടർന്ന് സെൻട്രൽ കൗൺസിൽ സെക്രട്ടറി ബ്ര. ലോറൻസ് ടി. ജെ. മുൻമാസ റിപ്പോർട്ട് അവതരിപ്പിക്കുകയും ആയത് ഭേദഗതി കൂടാതെ യോഗം അംഗീകരിക്കുകയും ചെയ്തു. കണക്കുകൾ ആഡിറ്റിങ്ങിനായി തയ്യാറാക്കി നൽകിയിരിക്കുന്നതിനാൽ അടുത്ത യോഗത്തിൽ അവതരിപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.
തുടർന്ന് അധ്യക്ഷൻ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയും പ്രധാനപ്പെട്ട അറിയിപ്പുകൾ യോഗത്തെ അറിയിക്കുകയും ചെയ്തു.
*അറിയിപ്പുകൾ*
1) USA സ്കോളർഷിപ്പ് വിതരണത്തിന് കുട്ടികളുടെ പ്രോഗ്രസ് റിപ്പോർട്ട് 10/06/2024 ന മുൻപ് AC പ്രസിഡണ്ടുമാർ CC യിൽ ഏൽപ്പിക്കണം. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ബഹു.മോൻ. യൂജിൻ H. പെരേരയുമായും രൂപത ഗിൽഡ് ടീച്ചർമാരുമായും യോഗം കൂടി വിലയിരുത്തിയ ശേഷം, ജൂൺ മാസം അവസാനം സ്കോളർഷിപ്പ് തുക വിതരണം ചെയ്യും. അർഹതയില്ലാത്ത കുട്ടികൾ ഉണ്ടെങ്കിൽ അവരെ ഒഴിവാക്കി പകരം അതാത് AC ൽ നിന്നും പുതിയ കുട്ടികളുടെ പേര് C C യിൽ ഏൽപ്പിക്കണം.
2) നെതർലാൻഡ് പ്രോജക്ട് ടീം 11/06/24 ന് വരുന്ന വിവരം:- വലിയ തോപ്പിൽ വിതരണം ചെയ്ത ലാപ്ടോപ്പ്, വെട്ടുകാട് വിതരണം ചെയ്ത ഫിഷ് വെൻഡിങ് പ്രോജക്ടും കാണിക്കുവാൻ തീരുമാനിച്ചു. ഒപ്പം അവരെ സ്വീകരിക്കുവാനും താമസ സൗകര്യം ഒരുക്കുവാനും റെയിൽവേ സ്റ്റേഷനിൽ നിന്ന് സ്വീകരിച്ച് കൊണ്ടുപോകുവാനും തീരുമാനിച്ചു. ആയതിലേക്ക് CC വൈസ് പ്രസിഡൻറ് ബ്ര. ഡൈനീഷ്യസ് പെരേര, CC സെക്രട്ടറി ബ്ര.ലോറൻസ് , പ്രോജക്ട് ഓഫീസർ ബ്ര. ഡോൺ ബോസ്കോ, ബ്ര. സാബു തോംസൺ, ബ്ര. അൻസലം എന്നിവരെ ചുമതലപ്പെടുത്തി. പ്രോജക്ടിനെ കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കാൻ CC പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി.
3) O.K.B. യിൽ സോളാർ വൈദ്യുത സംവിധാനം സ്ഥാപിക്കുന്നതിനായി ക്വട്ടേഷനുകൾ
ലഭിച്ച വിവരം അറിയിച്ചു. കുറഞ്ഞ ക്വട്ടേഷൻ Rs.2,80,000/-നൽകിയ വ്യക്തിയുമായി സംസാരിച്ച് അദ്ദേഹത്തിന് കരാർ നൽകുവാൻ തീരുമാനിച്ചു.
4) AC കളുടെ 2023-24 വാർഷിക റിപ്പോർട്ട് ഏപ്രിൽ 30 ന് മുൻപ് CC യിൽ ഏൽപ്പിക്കുവാൻ അറിയിച്ചിരുന്നു, ആയത് നൽകാത്ത AC പ്രസിഡണ്ടുമാർ വാർഷിക റിപ്പോർട്ട് എത്രയും വേഗം എത്തിക്കുവാൻ അറിയിച്ചു.
5) 25/05/2024 -ൽ പുല്ലുവിള, തുമ്പ എന്നീ കോൺഫറൻസുകൾക്ക് ലഭിച്ച ഫിഷ് വെൻഡിഗ് പ്രോജക്ട് വിതരണം ചെയ്തു. പങ്കെടുത്ത ബോർഡ് അംഗങ്ങൾക്കും പ്രോജക്ട് ഓഫീസർക്കും നന്ദി അറിയിച്ചു. അന്നുതന്നെ CC പ്രസിഡൻറ് ന് വാഹന അപകടം സംഭവിക്കുകയും, പരിക്കേറ്റ അദ്ദേഹം ചികിത്സയിൽ കഴിയുന്ന വിവരം അറിയിക്കുകയും ചെയ്തു. പ്രസിഡന്റിന്റെ സൗഖ്യത്തിനായി എല്ലാപേരുടെയും പ്രത്യേക പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്തു.
6) ഓസാനം സ്നേഹ ഭവന്റെ നിർമ്മാണത്തിനായി EP തുറ AC യിൽ ഉൾപ്പെട്ട കോൺഫറൻസുകൾ Rs 85,000/-രൂപ CC പ്രസിഡണ്ടിനെ ഏൽപ്പിച്ചു.
7) ടീനേജ് വിതരണം:

Scanned with CamScanner

പ്രവർത്തന രഹിതമായിരിക്കുന്ന താഴംപള്ളി കോൺഫറൻസിന്റെ ടീനേജ് മാമ്പള്ളി കോൺഫറൻസിനും, കുമാരപുരം കോൺഫറൻസിന്റേത് കന്നുംപുറം കോൺഫറൻസിനും നൽകുവാൻ തീരുമാനിച്ചു.

കോവളം AC യിൽ പ്രവർത്തന രഹിതമായ കോൺഫറൻസിന്റെ ടീനെജ്, കോവളം AC പ്രസിഡന്റിന്റെ നിർദ്ദേശമനുസരിച്ച് കോവളം എ സി യിലെ മറ്റ് കോൺഫറൻസുകൾക്ക് നൽകുവാൻ തീരുമാനിച്ചു.

8) പുത്തൻതോപ്പ് AC പ്രവർത്തനരഹിതമായിരിക്കുന്നത്, CC ബോർഡ് അതാത് കോൺഫറൻസുകളെയും, ഇടവക വികാരിമാരെയും നേരിട്ട് കണ്ട് ബോധ്യപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ CC വൈസ് പ്രസിഡൻറ് ബ്ര. ഡൈനീഷ്യസ് പെരേര വിശദീകരിച്ചു.

9) ടീനെജ് അടുത്ത യോഗത്തിൽ വിതരണം നടത്തുന്നതാണെന്ന് സി സി പ്രസിഡൻറ് അറിയിച്ചു.

സ്കോളർഷിപ്പിന് തിരഞ്ഞെടുത്ത വ്യക്തികളുടെ കമ്മീഷൻ റിപ്പോർട്ട്, ഫോട്ടോ, Rs.1000/-, എന്നിവ CC യിൽ, സ്കോളർഷിപ്പ് ഓഫീസർ ബ്ര. ഷെർളിനെ ഏൽപ്പിക്കുവാൻ അറിയിച്ചു.

10) AC കളുടെ കുടിശ്ശിക, അംഗങ്ങളുടെ വരിസംഖ്യ, കോൺഫറൻസുകളുടെ പ്രതിമാസ വിഹിതം Rs.100/-, മുൻ കുടിശ്ശികയുണ്ടെങ്കിൽ അത്, വാർഷിക റിപ്പോർട്ടിനൊപ്പം CC യിൽ ഏൽപ്പിക്കുവാൻ അറിയിച്ചു.

11) O K B യുടെ സുപ്പീരിയർ സിസ്റ്റർ ജസീന്തയുടെ സഹോദരി 26/05/24 ന് നിര്യാതയായി. പരേതയുടെ ആത്മശാന്തിക്കായി O K B യിൽ ദിവ്യബലി അർപ്പിക്കുന്നതാണ്.

12) O K B യുടെ സിൽവർ ജൂബിലി ആഘോഷം 2024 ആഗസ്റ്റ് 18 ന് ആഘോഷിക്കുവാനും അതിന്റെ നടപടികൾ ആരംഭിക്കുവാനും തീരുമാനിച്ചു.

13) ഈ മാസം O K B വിസിറ്റ് ചെയ്യേണ്ടത് പേട്ടുർക്കട A C യാണ്, കഴിഞ്ഞമാസം വലിയതുറ A C വിസിറ്റ് ചെയ്തു അവർക്ക് പ്രത്യേകം നന്ദി പറയുന്നു.

14) O K B യിൽ ബെഡ് ഒഴിവുണ്ട്, ആരെയെങ്കിലും കൊണ്ടുവരുന്നുവെങ്കിൽ കോൺഫറൻസുകളുടെ ഉത്തരവാദിത്വത്തിൽ ആയിരിക്കണം.

രഹസ്യ പിരിവ് Rs.---

സമാപന പ്രാർത്ഥനയോടുകൂടി യോഗം വൈകുന്നേരം 4:30 ന് സമാപിച്ചു.

സെൻട്രൽ കൗൺസിലിനു വേണ്ടി

ബ്ര. ലോറൻസ്.ടി.ജെ

( C.C സെക്രട്ടറി )

Scanned with CamScanner

 